"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പാലക്കാട് ജില്ലയിലെ വാണിയംകുളം ഗ്രാമപഞ്ചായത്തിലെ ഹെലൻ കെല്ലർ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ വിഷ്വലി ഇംപയേർഡ് എന്ന സ്ഥാപനത്തിൽ നിന്നും പേപ്പർ ഫയൽ ബോർഡ് വാങ്ങുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1737/2023/LSGD തീയതി,തിരുവനന്തപുരം, 25-08-2023

---

പരാമർശം:-

1. 16.022010-ലെ സഉ(സാധാ)നം.315/10/ഉ.വി.വ നമ്പർ ഉത്തരവ്
2. ഹെലൻ കെല്ലർ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി വിഷ്വലി ഇംപേയർഡ് ജനറൽ സെക്രട്ടറിയുടെ 22.04.2023 ലെ GC /501/2023 നമ്പർ കത്ത്
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 15.06.2023- ലെ 4.21 നമ്പർ യോഗ തീരുമാനം.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ ഹെലൻ കെല്ലർ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി വിഷ്വലി ഇംപയേർഡ് എന്ന സ്ഥാപനത്തിൽ പ്ലെയ്സ്മെന്റ് ആന്റ് റീഹാബിലിറ്റേഷൻ പദ്ധതിയിൻ കീഴിൽ നയന പരിമിതരായവരുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന പേപ്പർ ഫയൽ ബോർഡ് നിർമ്മാണ യൂണിറ്റിൽ നിന്നും സ്റ്റേഷനറി വകുപ്പ് കാലങ്ങളായി നിശ്ചയിച്ചിരിക്കുന്ന വിലയ്ക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാവശ്യമുള്ള ഫയൽ ബോർഡുകൾ വാങ്ങുന്നതിന് അനുമതി നൽകുന്നതിനായി പരാമർശം (2) പ്രകാരം ഹെലൻ കെല്ലർ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി വിഷ്വലി ഇംപേയർഡ് ജനറൽ സെക്രട്ടറി അഭ്യർത്ഥിച്ചിരുന്നു.

15.06.2023-ൽ കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയോഗത്തിൽ പാലക്കാട് ജില്ലയിലുള്ള ഹെലൻ കെല്ലർ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി വിഷ്വലി ഇംപയേർഡ് എന്ന സ്ഥാപനം സംസ്ഥാന സർക്കാരിന്റെ സ്റ്റേഷനറി വകുപ്പിനു ഫയൽ നിർമ്മിച്ച് നൽകുന്നുണ്ട് എന്നതു കൂടി പരിഗണിച്ച് സ്റ്റേഷനറി വകുപ്പിനു നൽകുന്ന സ്പെസിഫിക്കേഷനിലും വിലയിലും തദ്ദേശഭരണസ്ഥാപനങ്ങൾക്കും നൽകേണ്ടതാണെന്ന വ്യവസ്ഥയിൽ മേൽ ആവശ്യം പരിഗണിക്കുവാൻ പരാമർശം (3) പ്രകാരം തീരുമാനിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാലക്കാട് ജില്ലയിൽ പ്രവർത്തിക്കുന്ന ഹെലൻ കെല്ലർ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ വിഷ്വലി ഇംപയേർഡ് എന്ന സ്ഥാപനത്തെ സ്റ്റേഷനറി വകുപ്പിന്റെ അംഗീകൃത നിർമ്മാണ യൂണിറ്റായി പരാമർശം(1) പ്രകാരം അംഗീകരിച്ചിട്ടുള്ള സാഹചര്യത്തിലും, ടി സ്ഥാപനം സർക്കാർ സ്റ്റേഷനറി വകുപ്പിനു ഫയൽ നിർമ്മിച്ച് നൽകുന്നുണ്ട് എന്നത് പരിഗണിച്ചും സ്റ്റേഷനറി വകുപ്പിനു നൽകുന്ന സ്പെസിഫിക്കേഷനിലും വിലയിലും നൽകേണ്ടതാണെന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഹെലൻ കെല്ലർ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ വിഷ്വലി ഇംപയേർഡ് എന്ന സ്ഥാപനത്തിൽ നിന്നും ഫയൽ ബോർഡ്

വാങ്ങാൻ സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനിൽ കുമാർ ജി

അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

ധനകാര്യ വകുപ്പ്

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്,

ഡയറക്ടർ.ഐ.കെ.എം. (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by

Danuja M S

Date: 26-08-2023 11:32:50

സെക്ഷൻ ഓഫീസർ